സൗജന്യ യാത്ര അനുവദിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ട് 9-6-2015-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഈ ഉത്തരവിൽ അക്കാര്യം വ്യക്തമാകാതെ വരികയുണ്ടായി. അത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ഉത്തരവിൽ ഭേദഗതി വരുത്തി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ നിരക്കിൽ യാത്ര ചെയ്യുന്ന പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും പൂർണ്ണമായും സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് 10-6-2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇപ്പോൾ പ്ലസ് ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കെ.എസ്.ആർ.ടി.സി. സൗജന്യ യാത്ര അനുവദിച്ചുവരുന്നുണ്ട്.

കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി.

226 (4561) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി. എന്നിവയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് കെ.യു.ആർ.ടി.സി. മുഖാന്തരം സർവ്വീസ് നടത്തുന്ന എത്ര ബസ്സുകളുണ്ട് ; എത്ര ഡ്രൈവർ, കണ്ടക്ടർ തസ്തികകൾ ഉണ്ട് ; പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി വിശദമാക്കാമോ ;

(സി) അനുവദിച്ച ബസ്സുകളിൽ എത്ര എണ്ണം ഇനി നിരത്തിലിറങ്ങാനുണ്ട് ; പുതിയതായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ട് ;

(ഡി) 2017 മാർച്ച് അവസാനം വരെ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടാകാനുള്ള ഡ്രൈവർ, കണ്ടക്ടർ തസ്തികകളുടെ നിലവിലെ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 439 ബസ്സുകൾ (320 എണ്ണം ഒന്നാംഘട്ടം ജൻറം പദ്ധതി പ്രകാരം ലഭിച്ചതും 119 എണ്ണം രണ്ടാം ഘട്ട പ്രകാരം ലഭിച്ചതും) കെ.യു.ആർ.ടി.സി. മുഖേന സർവ്വീസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ഉപയോഗിച്ചു കൊണ്ടാണ് സർവ്വീസ് നടത്തുന്നത്. കെ.യു.ആർ.ടി.സി.-യിൽ പ്രത്യേകം നിയമനം നടത്തുന്നില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ ജൻറം രണ്ടാംഘട്ട പദ്ധതി പ്രകാരം സംസ്ഥാനത്തെ 5 ക്ലസ്റ്ററുകൾക്കായി 400 ബസ്സുകൾ (110 എ.സി., 290 നോൺ എ.സി.) അനുവദിച്ചിട്ടുണ്ട്. ഇതിൽ 76 എ.സി. ബസുകളും 43 നോൺ എ.സി. ബസുകളും നിരത്തിൽ ഇറക്കിയിട്ടുണ്ട്. എ.സി. ലോ ഫ്ലോർ ബസുകളിൽ ലഭിച്ച 29 എണ്ണം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി കിടക്കുന്നു. 5 ബസുകൾ വോൾവോ കമ്പനി നൽകാനുണ്ട്. നോൺ എ.സി. സെമി ലോ ഫ്ലോർ ബസുകളിൽ ലഭിച്ച 31 എണ്ണം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനു വേണ്ടി കിടക്കുന്നു. 216 ബസുകൾ കമ്പനികൾ നൽകുവാനുണ്ട്.

(ഡി) 2017 മാർച്ച് വരെ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടാകാവുന്ന ഡ്രൈവർമാരുടെ പ്രതീക്ഷിത ഒഴിവ് 761-ഉം കണ്ടക്ടർമാരുടെ പ്രതീക്ഷിത ഒഴിവ് 141-ഉം ആണ്.

കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻ

227 (4562) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻ സമ്പ്രദായത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും അതുവഴി വരുമാന വർദ്ധനവ് കൈവരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly